# വി 5ജി ഡിജിറ്റൽ ട്വിൻ വഴി ഡൽഹി മെട്രോ ടണൽ നിർമാണ തൊഴിലാളികളുമായി സംവദിച്ച് പ്രധാനമന്ത്രി

ന്യൂഡൽഹി: വോഡഫോൺ ഐഡിയ ലിമിറ്റഡ് ന്യൂഡൽഹിയിൽ നടക്കുന്ന മൊബൈൽ കോൺഗ്രസ് 2022ൽ തത്സമയ 5ജി നെറ്റ്‌വർക്ക് സ്വിച്ച്ഓൺ ചെയ്തു. ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദി വി 5ജി ലൈവ് നെറ്റ്‌വർക്കിലെ ആദ്യ കോൾ നടത്തി. വി 5ജിയുടെ ഡിജിറ്റൽ ട്വിൻ സാങ്കേതികവിദ്യ ഉപയോഗിച്ച് ഡൽഹി മെട്രോയുടെ ദ്വാരകയിലെ ടണൽ നിർമാണ തൊഴിലാളികളുമായാണ് പ്രധാനമന്ത്രി നരേന്ദ്രമോദി ആശയവിനിമയം നടത്തിയത്. ഡൽഹി ലെഫ്റ്റനന്റ് ഗവർണർ വിനയ് കുമാർ സക്സേനയാണ് പ്രധാനമന്ത്രിയുടെ കോൾ അറ്റൻഡ് ചെയ്തത്. അദ്ദേഹം സ്ഥലത്തെ ഒരു തൊഴിലാളിയുമായി പ്രധാനമന്ത്രിക്ക് ആശയവിനിമയം നടത്താൻ സൗകര്യമൊരുക്കി. രാജ്യത്തെ തൊഴിലാളികളുടെ സുരക്ഷയ്ക്കായാണ് വോഡഫോൺ ഐഡിയ ലിമിറ്റഡ് 5ജി ഡിജിറ്റൽ ട്വിൻ സൊലൂഷൻ പദ്ധതി വിഭാവനം ചെയ്യുന്നത്.

ഹൈസ്പീഡ് അൾട്രാ ലോ ലേറ്റൻസി 5ജി നെറ്റ്‌വർക്ക് ഉപയോഗിച്ച് ടണലുകൾ, ഭൂഗർഭ വർക്കിങ് സൈറ്റുകൾ, ഖനികൾ തുടങ്ങിയ അപകട സാധ്യതകളുള്ള നിർമാണ സൈറ്റുകളുടെ മേൽനോട്ടത്തിന് തൊഴിലാളികളുടെ സുരക്ഷയ്ക്കും കാര്യക്ഷമതയ്ക്കും 5ജി സാങ്കേതികവിദ്യ ഇന്ത്യയിൽ എങ്ങനെ ഉപയോഗിക്കാമെന്ന് വി അധികൃതർ പ്രധാനമന്ത്രിക്ക് വിശദീകരിച്ച് നൽകി.

വി 5ജിയിൽ സൃഷ്ടിച്ച ഒരു ഡൽഹി മെട്രോ ടണൽ സൈറ്റിന്റെ ത്രിഡി ഡിജിറ്റൽ ട്വിൻ ഉപയോഗിച്ച് പ്രധാനമന്ത്രിക്ക് തത്സമയം വിദൂരത്ത് നിന്ന് കാണാനും സൈറ്റിൽ വിന്യസിച്ചിരിക്കുന്ന തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങളും ക്ഷേമവും അവലോകനം ചെയ്യാനും കഴിഞ്ഞു.

ആദിത്യ ബിർള ഗ്രൂപ്പ് ചെയർമാൻ കുമാർ മംഗലം ബിർളയും, ഇന്ത്യൻ മൊബൈൽ കോൺഗ്രസിലെ വി 5ജി പ്രദർശന ചടങ്ങിൽ പ്രധാനമന്ത്രിയോടൊപ്പം പങ്കെടുത്തു.

പ്രധാനമന്ത്രിയുടെ ഡിജിറ്റൽ ഇന്ത്യയെ കുറിച്ചുള്ള കാഴ്ച്ചപ്പാടിൽ തങ്ങൾ പ്രചോദിതരാണെന്നും, ഡിജിറ്റൽ യുഗത്തിൽ ഇന്ത്യയെ ആഗോള സൂപ്പർ പവറായി മാറ്റാൻ വി പ്രതിജ്ഞാബദ്ധരാണെന്നും ആദിത്യ ബിർള ഗ്രൂപ്പ് ചെയർമാൻ കുമാർ മംഗലം ബിർള പറഞ്ഞു. 5ജി യുഗത്തിലെ വിയുടെ ആദ്യ ചുവടുവെപ്പ് ഇന്ത്യയുടെ ന്യൂ ജനറേഷൻ ടെക്നോളജിലേക്കുള്ള ഒരു സുപ്രധാന നാഴികക്കല്ലാണ്. 130 കോടി ഇന്ത്യക്കാരെ വ്യക്തിഗതവും കൂട്ടായതുമായ വളർച്ചയിലേക്കുള്ള നയിക്കുന്നതിന് നൂതന സാങ്കേതികവിദ്യയിലും സേവനങ്ങളും ലഭ്യമാക്കാൻ വി പ്രതിജ്ഞാബദ്ധമണെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യൻ ടെലികോം വ്യവസായത്തിലെ മുന്നിര കമ്പനി എന്ന നിലയിൽ രാജ്യത്തെ 5ജി ഇക്കോസിസ്റ്റം വികസിപ്പിക്കുന്നതിന് സാങ്കേതിക കമ്പനികളുടെയും ഡൊമെയ്ൻ മേധാവികളുടെയും പങ്കാളിത്തത്തോടെ 5ജി ഉപയോഗ കേസുകളുടെ ഒരു ശ്രേണിയും വി വികസിപ്പിച്ചെടുത്തിട്ടുണ്ട്.

എഫോനെറ്റ്, ടാറ്റ കമ്മ്യൂണിക്കേഷൻ ട്രാൻസ്ഫോർമേഷൻ സർവീസസ് (ടിസിടിഎസ്) എന്നിവയുടെ പങ്കാളിത്തത്തോടെയാണ് ദ്വാരക മേഖലയിൽ നിർമാണത്തിലിരിക്കുന്ന ഡൽഹി മെട്രോ സൈറ്റിന്റെ ഡിജിറ്റൽ ട്വിൻ വി വിന്ന്യസിച്ചത്. തത്സമയ വിആർ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത ആപ്ലിക്കേഷനുകൾ വഴി വർധിപ്പിച്ച ഇഎംബിബി, യുആർഎൽഎൽസി എന്നിവയുടെ വിന്യാസം സജ്ജീകരണത്തിൽ ഉൾപ്പെടുന്നു. 4കെ എച്ച്ഡി ക്യാമറകൾ സൈറ്റിൽ സ്ഥാപിച്ച്, 5ജി വഴി നെറ്റ്‌വർക്കിലേക്കും ഡൽഹിയിലെ വി 5ജി കോർ ലൊക്കേഷനിലെ ഒരു

എഡ്ജ് കമ്പ്യൂട്ട് പ്ലാറ്റ്ഫോമിലേക്കും കണക്റ്റ് ചെയ്തു. ഇന്ത്യൻ മൊബൈൽ കോൺഗ്രസിൽ നടന്ന ചടങ്ങിൽ പ്രധാനമന്ത്രിക്ക് സ്ക്രീനിൽ തത്സമയ അനുഭവം ലഭിക്കുന്നതിനായി ഒരു ഓപ്പറേറ്റർ ധരിച്ചിരുന്ന ഹോളോലെൻസിലാണ് ഡിജിറ്റൽ ചിത്രങ്ങൾ പോർട്ട് ചെയ്തത്. വി 5ജി നെറ്റ്‌വർക്കിലായിരുന്നു സൈറ്റിൽ നിന്ന് കോറിലേക്കും, പ്രഗതി മൈതാനിലെ ഇന്ത്യൻ മൊബൈൽ കോൺഗ്രസ് ഡെമോ ലൊക്കേഷനിലേക്കുമുള്ള കണക്റ്റിവിറ്റി.

**വി 5ജിയിലെ ഡിജിറ്റൽ ടിൻ പ്രയോജനങ്ങൾ**

**തൊഴിലാളി സുരക്ഷ:** പ്രൊജക്റ്റ് മാനേജർമാർക്ക് വിദൂരത്ത് നിന്ന് സൈറ്റ് നിരീക്ഷാം. സൈറ്റിൽ എന്തെങ്കിലും അടിയന്തര സാഹചര്യമുണ്ടായാൽ തൊഴിലാളികൾക്ക് ഉടനടി നിർദേശങ്ങൾ നൽകാനും കഴിയും.

**ആശയവിനിമയവും കണക്റ്റിവിറ്റിയും:** ഉയർന്ന വേഗത, കുറഞ്ഞ ലേറ്റൻസി 5ജി സാങ്കേതികവിദ്യ എന്നിവയിലൂടെ തടസമില്ലാത്ത തത്സമയ എച്ച്ഡി നിലവാരത്തിലുള്ള കണക്റ്റിവിറ്റിയും ആശയവിനിമയവും സാധ്യമാവും

**കാര്യക്ഷമത:** അഭികാമ്യമല്ലാത്ത സാഹചര്യങ്ങൾ ഒഴിവാക്കുന്നതിലൂടെയും, പ്രോജക്ട് മാനേജർമാർക്ക് ഒരേ സമയം നിരവധി സൈറ്റുകൾ നിരീക്ഷിക്കാവുന്നതിലൂടെയും ജോലിയിൽ കൂടുതൽ കാര്യക്ഷമത കൊണ്ടുവരാന് 5ജി സഹായിക്കും.

ഒരു നല്ല നാളേയ്ക്കായുള്ള 5ജി എന്ന കാഴ്ചപ്പാടോടെ ഇന്ത്യയെ ഡിജിറ്റൽ യുഗത്തിലേക്ക് നയിക്കുന്ന ബിസിനസുകളിലും സമൂഹത്തിലും വലിയ തോതിലുള്ള പരിവർത്തനം കൊണ്ടുവരുന്ന 5ജി ഉപയോഗ കേസുകളുടെ വിപുലമായ ശ്രേണിയും വി മൊബൈൽ കോൺഗ്രസിൽ വിശദീകരിക്കുന്നുണ്ട്. പൊതുസുരക്ഷ, സ്മാർട്ട് ആംബുലൻസോടുകൂടിയ കണക്റ്റഡ് ഹെൽത്ത് കെയർ, സ്വകാര്യ നെറ്റ്‌വർക്കുകൾ, ഐഒടി കണക്റ്റഡ് ഇലക്ട്രിക് വെഹിക്കിൾ, ഓട്ടോണമസ് മൊബൈൽ റോബോട്ട്, 5ജി ക്ലൗഡ് ആൻഡ് ഇമ്മേഴ്സീവ് ഗെയിമിങ് തുടങ്ങിയ നിരവധി വി 5ജി ഉപയോഗ കേസുകളെ കുറിച്ചുള്ള വിശദീകരണവും 2022 ഇന്ത്യൻ മൊബൈൽ കോൺഗ്രസിൽ സന്ദർശകർക്ക് ലഭിക്കും.

ഇന്ത്യയിലെ കാർഷിക രീതികളെ പരിവർത്തനം ചെയ്യുന്നതിനായി വോഡഫോൺ ഐഡിയ വികസിപ്പിച്ചെടുത്ത സ്മാർട്ട് അഗ്രി അനുഭവത്തിനായി പ്രധാനമന്ത്രി വി ബൂത്ത് സന്ദർശിച്ചു.

ഇന്ത്യൻ മൊബൈൽ കോൺഗ്രസ് 2022ലെ നാലാം നമ്പർ ഹാളിലെ 4.15ാം ബൂത്തിൽ സന്ദർശകർക്ക് വി 5ജി നേരിട്ട് ആസ്വദിക്കാം.